എം.ടെക് യോഗ്യതയുള്ളവരുടെ കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ എം.ടെക് കോഴ്സുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞതിനാൽ എഞ്ചിനീയറിംഗ് പഠനത്തിൽ കൂടുതൽ വിദ്യാർത്ഥികൾ ആകൃഷ്ടരാകുന്നില്ല. ഇതിനുപുറമേ ഐ.ടി., ഇലക്ട്രോണിക്സ് എന്നീ ശാഖകളിൽ വിദ്യാർത്ഥികൾക്കുള്ള താല്പര്യം കുറഞ്ഞിട്ടുമുണ്ട്. ആകയാൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു.

കടുത്തുരുത്തിയിൽ കേരളാ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ

11(4614) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് കടുത്തുരുത്തിയിൽ കേരളാ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സബ് സെന്റർ സ്ഥാപിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) മദ്ധ്യ കേരളത്തിലെ ഗ്രാമീണ മേഖലയിൽനിന്നും വരുന്ന കുട്ടികൾക്ക് ഉപകാരപ്രദമായ രീതിയിൽ സബ് സെന്റർ സ്ഥാപിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വെർച്വൽ ക്ലാസ്സ് റൂം തുടങ്ങുന്നതിന് വേണ്ട ചെലവ് വ്യക്തമാക്കാമോ; ഇതിനു വേണ്ട നടപടിക്രമങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള ശിപാർശ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പല ജില്ലകളിലും സിവിൽ സർവ്വീസ് അക്കാഡമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീല ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും സിവിൽ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയസമ്പന്നരായ അദ്ധ്യാപകരുടെ ലഭ്യതക്കുറവാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

(സി) വെർച്വൽ ക്ലാസ്റൂം തുടങ്ങുന്നതിന് ഉപകരണങ്ങൾക്കായി 15 ലക്ഷം രൂപയും ഇരിപ്പിട സംവിധാനത്തിനായി 3 ലക്ഷം രൂപയും ക്ലാസ്റൂമിന്റെ ശബ്ദനിയന്ത്രണത്തിനായി (Aquatic proof) പാനലിംഗ് ജോലികൾ, മറ്റ് ഇന്റീരിയർ വർക്കുകൾ, ലൈറ്റ് ഫിറ്റിംഗുകൾ, യു.പി.എസ്. എന്നിവയ്ക്കായി 5 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചാണ് ഉപകരണങ്ങൾ വാങ്ങുന്നത്. ഇരിപ്പിട സംവിധാനം, പാനലിംഗ്, ഇന്റീരിയർ തുടങ്ങിയവ പി.ഡബ്ല്യു.ഡി.യോ മറ്റ് അംഗീകൃത ഏജൻസികൾ മുഖാന്തിരമോ ചെയ്യാവുന്നതാണ്.

എൽ.ബി.എസ്. എൻജിനീയറിംഗ് കോളജുകളിലെ ക്വാളിറ്റി ഇംപ്രൂവ് മെൻറ് പ്രോഗ്രാം

12(4615) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ബി.എസ്. എൻജിനീയറിംഗ് കോളജുകളിൽ നടപ്പിലാക്കുന്ന ക്വാളിറ്റി ഇംപ്രൂവ്മൻറ് പ്രോഗ്രാമിൽ ഉന്നതപഠനത്തിന് അദ്ധ്യാപകരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) 2012-13, 2013-14, 2014-15 അദ്ധ്യയനവർഷങ്ങളിൽ സർവ്വീസ് സീനിയോറിറ്റി പരിഗണിച്ചാണോ അദ്ധ്യാപകരെ പ്രസ്തുത പ്രോഗ്രാമിലേക്ക് തിരഞ്ഞെടുത്തതെന്നു വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ നൽകിയ അദ്ധ്യാപക അപേക്ഷകൾ നിരസിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിരസിയ്ക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) എ.ഐ.സി.റ്റി.ഇ.-യുടെ നേതൃത്വത്തിൽ കോളേജ് അദ്ധ്യാപകർക്കു വേണ്ടി ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ക്ഷണിക്കുന്ന നോട്ടിഫിക്കേഷൻ പ്രകാരം എൽ.ബി.എസ്-ന്റെ കീഴിൽ പൂജപ്പുരയും കാസർഗോഡും പ്രവർത്തിക്കുന്ന രണ്ട് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ

LIBRARY ARCHIVES Kerala Legislative Assembly